റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഈ വിഷയത്തെപ്പറ്റി ഇതിന്നുമുമ്പ് വാദപ്രതിവാദം നടന്നഅവസരത്തിൽ ഇതിനെസംബന്ധിച്ച സകലവിവരങ്ങളും ഇവിടെ പറഞ്ഞിട്ടുണ്ട്.

WORKING OF THE KANAYANNUR AND TRICHUR TREASURIES—DETAILS REGARDING

142. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) കണയന്നൂർ, തൃശ്ശിവപേരൂർ എന്നീ താലൂക്കു് ആപ്പീസ്സുകളിലെ ട്രഷറിസെക്ഷനിൽ ൧൯൪൭ ൽ ഉണ്ടായിരുന്നതിനേക്കാൾ എത്രകണ്ടു് ജോലി ഇപ്പോൾ വർദ്ധിച്ചിട്ടുണ്ടു്;

(ബി) എത്ര ക്ലാക്കുമാരാണു് ഈ സെക്ഷനിൽ ഓരോ സ്ഥലത്തും ഇപ്പോഴുള്ളതു്;

(സി) ബിൽ സെക്ഷനിൽ മാത്രമായി ഓരോ സ്ഥലത്തും എത്ര ക്ലാക്കുമാർവീതം പണിയെടുക്കുന്നുണ്ടു്;

(സി) പ്രതിദിനം ഓരോ സ്ഥലത്തും ശരാശരി എത്ര ബിൽ പാസ്സാക്കുവാൻ ണ്ടാകും;

(ഇ) സമർത്ഥനായ ഒരു ക്ലാക്കിനു് ഒരു ദിവസം എത്ര ബിൽ പാസ്സാക്കുവാൻ കഴിയും;

(എഫ്) ഒരു ദിവസം എത്ര ബിൽ പാസ്സാക്കുവാൻ കഴിയുമെന്നാണു് കൺട്രോളർ അഭിപ്രായപ്പെട്ടിട്ടുള്ളതു;

(ജി) പാസ്സാക്കി അയക്കുന്ന ബിൽ ഏതു സമയംവരെ ബാങ്കിൽ എടുക്കും?

മിസ്റ്റർ സി. ആർ. ഈയ്യുണ്ണി:

	തൃശ്ശിവപേരൂർ	കണയന്നൂർ
(എ)	൨൦൦ ശതമാനം	൪൦൦ ശതമാനം
(ബി)	൧൦ ക്ലാക്കുമാരും ഒരു അറ്റൻഡറും.	൧൦ ക്ലാക്കുമാരും ഒരു അറ്റൻഡറും
(സി)	ഓരോ ക്ലാക്കു വീതം	ഓരോ ക്ലാക്കു വീതം
	(ചെക്കുകളും പെൻക്ഷനുകളും ഒഴികെ)	
(ഡി)	൧൦൦ ബിൽ	൨൦൦ ബിൽ

(ഇ) ഈ കാര്യം ബില്ലുകളുടെ വലിപ്പം സമ്പ്രദായം മുതലായ സ്ഥിതികളെ അനുസരിച്ചായിരിക്കും.

(എഫ്) ദയവായി 'ഇ' എന്ന ചോദ്യത്തിന്നു നേരെയുള്ള മറുപടി നോക്കുക.

(ജി) മൂന്നു മണിവരെ എടുക്കുന്നതാകുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ൪൦൦ ശതമാനം ജോലിവർദ്ധിച്ചിട്ടുള്ള സ്ഥലത്തും ൨൦൦ ശതമാനം ജോലി വർദ്ധിച്ചിട്ടുള്ള സ്ഥലത്തും ഒരെ തോതിൽ ക്ലാക്കുമാരെ വെച്ചാൽ ജോലി നടക്കുമോ?

മിസ്റ്റർ സി. ആർ. ഈയ്യുണ്ണി: ജോലി നടന്നുപോകുന്നുണ്ടു്. കണയന്നൂർ ട്രഷറിയിയിലെ ജോലി വർദ്ധനവിനെ പരിഗണിച്ചു മട്ടാഞ്ചേരിയിൽ ഒരു സബ്ബ് ട്രഷറി വേണമെന്നു് ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടു്. മിക്കവാറും നടത്തണമെന്നാണു് തീരുമാനിച്ചിരിക്കുന്നതും.

മിസ്റ്റർ കെ എസ്സ്. പണിക്കർ: മൂന്നുമണിക്കുമുമ്പ് ട്രഷറി ക്ലോസുചെയ്യുമെങ്കിൽ അതിന്നു് മുമ്പു് ഈ പണിചെയ്യുതീർക്കാൻ ഒരു ക്ലാക്കു് മതിയൊ?

മിസ്റ്റർ സി. ആർ. ഈയ്യുണ്ണി: ഒരു ക്ലാക്കു് തന്നെയായാൽ കഠിച്ചു് ജോലി ബാക്കിവയ്ക്കും. എന്നാൽ അങ്ങിനെയുള്ള ജോലി എല്ലാവരും കൂടി സഹായിച്ചു കൊടുക്കുകയാണെങ്കിൽ ബാക്കിവരില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഓരോ താലൂക്കാപ്പീസുകളിലും ഇരുനൂറു് ശതമാനവും നാനൂറു ശതമാനവും ജോലിവർദ്ധിച്ചിട്ടുണ്ടു് എന്നു് പറഞ്ഞുവല്ലൊ. അതിന്നു് ഇപ്പോൾ കൂടുതലായി വെച്ചിട്ടുള്ള ആളുകൾ മതിയാകുമൊ?

മിസ്റ്റർ സി. ആർ. ഈയ്യുണ്ണി: അതു് മതിയായാലും മതിയായില്ലെങ്കിലും ജോലി നടന്നുവരുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ ക്ലാക്ക്മാക്ക് എന്താണ് ജോലി?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: Account സംബന്ധിച്ചുള്ള ജോലിയാണ് പ്രധാനമായിട്ടുള്ളത്. കണക്കുകളൊക്കെക്കൂട്ടി നോക്കി ചെക്ക ചെയ്യ ശരിയാണൊ എന്ന പരിശോധിക്കണം. സാധാരണ ബില്ലുകളെ സംബന്ധിച്ചാണെങ്കിൽ കണക്കൊക്കെക്കൂട്ടി നോക്കുകയാണ് പ്രധാനജോലി.

മിസ്റ്റർ പി. നാരായണമേനോൻ: ഇരുനൂറ് ശതമാനം ജോലി വർദ്ധിച്ചിട്ടുള്ള സ്ഥലത്തും നാനൂറ് ശതമാനം ജോലി വർദ്ധിച്ചിട്ടുള്ള സ്ഥലത്തും പത്തു ക്ലാക്കുമാരെവീതമാണു നിയമിച്ചിട്ടുള്ളതെന്നു പറഞ്ഞുവല്ലൊ; ആ സ്ഥിതിയ്ക്ക് ൪ ൦ ൦ ശതമാനം ജോലി വർദ്ധിച്ചിട്ടുള്ള സ്ഥലത്തെ ഈ പത്തു ക്ലാക്കുമാക്ക് ജോലി ഇരട്ടി വർദ്ധിച്ചിട്ടുള്ളതുകൊണ്ട്, ൪൦൦ ശതമാനം ജോലി വർദ്ധിച്ചിട്ടുള്ള സ്ഥലത്ത് നിയമിച്ചിട്ടുള്ളവക്ക് ശമ്പളം ഇരട്ടിയാക്കീട്ടുണ്ടൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതൊന്നുമില്ല.

മിസ്റ്റർ പി. ശങ്കരമേനോൻ: ഈ രണ്ടു പ്രദേശങ്ങളിലുമുള്ള താലൂക്കാപ്പീസുകളിൽ ഇതിനു മുമ്പ് എത്ര Clerks ഉണ്ടായിരുന്നു?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടിസ്സ് വേണം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇതുപോലെയുള്ള ജോലി, Account-നെപ്പറ്റിയുള്ള ജോലിനോക്കുന്ന വേറെ ആപ്പീസുകളിൽ കൂടുതൽ ശമ്പളം കൊടുക്കുന്ന ഏർപ്പാടുണ്ടൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ല.

Mr. S. S. Koder *(Nominated):* May I know, Sir, whether a sub-treasury will be opened in Mattancheri early next year?

Mr. C. R. Iyyunni *(Minister for Revenue):* Most probably, it will be done.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: (എഫ്) എന്ന ചോദ്യത്തെ സംബന്ധിച്ച് കൺട്രോളുടെ അഭിപ്രായം എന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ഏകദേശം പത്തൻപതു ബിൽ പാസ്സാക്കാൻ സാധിക്കുമെന്നാണ് തോന്നുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ രണ്ടു ട്രഷറികളിലും ജോലി ഒരുപോലെയാണൊ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: വലിയ വ്യത്യാസമൊന്നുമുണ്ടായിരിക്കയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൺട്രോളർ ആപ്പീസ്സിലെ ക്ലാക്കുമാക്ക് എത്ര ശമ്പളം കൊടുക്കുന്നുണ്ട്?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ഇരുപത്തഞ്ചുറുപ്പിക മുതൽ നൂറുറുപ്പികവരെയാണ് കൊടുക്കുന്നതു്. അവിടെ ആഡിറ്റർമാരാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: താലൂക്കാപ്പീസ്സിലും, കൺട്രോളർ ആപ്പീസ്സിലും അക്കൌണ്ട് സെക്ഷനിൽ ജോലിയെടുക്കുന്നവരുടെ വ്യത്യാസം ശമ്പളത്തിൽ മാത്രമല്ലെയുള്ളൂ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ജോലിയിലും വ്യത്യാസമുണ്ട്. ശമ്പളത്തിന്റെ കാര്യത്തിൽ കൺട്രോളരുടെ ആപ്പീസ്സിലുള്ള ഒരു Graduate-നു് കൊല്ലത്തിൽ മൂന്നുറുപ്പിക വീതം കൂടി ൩൬൦ കൊല്ലംകൊണ്ട് ഈ നൂറുറുപ്പിക എത്തുന്നതു്. ട്രഷറിയിലുള്ളവക്കും മറ്റുവിധത്തിൽ പ്രമോഷൻകിട്ടി ഈ ഗ്രേയിഡിൽ എത്താമല്ലൊ?

മിസ്റ്റർ കെ. ഐ. വേലായുധൻ: Account നോക്കുന്ന ട്രഷറിയിലുള്ള ക്ലാക്ക്മാക്കും ഈ ബില്ലുകളൊക്കെക്കൂട്ടിനോക്കി ശരിയാണൊ എന്നു് പരിശോധിച്ചു് നോക്കുക എന്നിങ്ങിനെയുള്ള ജോലികൾ ചെയ്യേണ്ടിയുള്ളതായി ഗവണ്മെണ്ടിനറിയാമല്ലോ. ഇതുതന്നെയാണല്ലൊ കൺട്രോളർ ആപ്പീസ്സിലെ ആഡിറ്റർമാരും ചെയ്യുന്നതു്. അതിൽ വല്ല വ്യത്യാസവുമുണ്ടൊ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: കൺട്രോളർ ആപ്പീസ്സിൽ ട്രഷറിയിലേക്കാൾ ചുമതയുണ്ട്. ലീവ് എടുത്തതു് ശരിയാണൊ, ഏതെല്ലാം അവധികൾക്കാണ് അവകാശമുള്ളതു്, അതാതു് ചിലവുകൾക്കും എസ്റ്റാബ്ലിഷ്മെണ്ടിനും മറ്റും വേണ്ടതായ സാങ്ഷൻ ഉണ്ടൊ, ഇൻക്രിമെൻറസ് വാങ്ങുന്നതു് ശരിക്കാണോ എന്നും മറ്റും അനവധി കാര്യങ്ങൾ ശ്രദ്ധയെപ്രത്യേകമായി കൺട്രോളർ ആപ്പീസ്സിൽ നോക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ശങ്കരമേനോൻ: ഈ ഡിപ്പാർട്ട്മെണ്ട് കൺട്രോളരുടെ കീഴിലാണോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: മുഴുവനുമല്ല. Administrative side മൊക്കെ റവന്യൂഡിപ്പാർട്ട്മെണ്ടിന്റെ കീഴിലാണ്.

മിസ്റ്റർ പി. ശങ്കരമേനോൻ: ഇങ്ങിനെ രണ്ടു ഡിപ്പാർട്ട്മെണ്ടുകളുടേയും കീഴിലായതു കൊണ്ട് ഇതിനെ സംബന്ധിച്ച് വല്ല ആക്ഷേപവും News paper-ലൊ മറ്റൊ കണ്ടിട്ടുണ്ടൊ?

റാവുസാഹിബ് എ. മാധവപ്രഭു: ആക്ഷേപങ്ങളും ഒരിക്കലുണ്ടായിട്ടുണ്ട്. അതിനെപ്പറ്റി ആലോചിച്ചതിൽ ഇപ്പോഴുള്ള സ്ഥിതിതന്നെയാണ് നല്ലതെന്ന് ബോദ്ധ്യപ്പെട്ടതിനാൽ അങ്ങിനെ നടന്നു പോകട്ടെ എന്ന് വെച്ചിരിക്കുകയാണ്.

RADIO—LICENSE—DETAILS REGADRING

143. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ബ്രിട്ടീഷിന്ത്യയിൽ റേഡിയൊ ലൈസൻസിനുള്ള പണം പോസ്റ്റാഫീസു വഴിക്കു് അടച്ചാൽ മതിയെന്നുള്ള വസ്തുത ഗവൺമെണ്ടിന്നറിയാമോ;

(ബി) ഇവിടെയും അത്തരത്തിലുള്ള ഒരു സമ്പ്രദായം നടപ്പിലാക്കുവാൻ വല്ല വിരോധവുമുണ്ടൊ?

റാവുസാഹിബ് എ. മാധവപ്രഭു:

(എ) അറിയാം.

(ബി) ഇവിടെയും അഞ്ചൽ മുഖേന്നിവഴി അയച്ചാൽ മതി.

മിസ്സിസ് കെ. എം. ആർ. മേനോൻ: ഈ റേഡിയൊ ലൈസൻസിനു ചെയ്യേണ്ട സമയമായാൽ ഉടമസ്ഥന്മാരെ ഒന്നറിയിച്ചുകൂടെ? അല്ലെങ്കിൽ ഒരു ദിവസം താമസം വരുന്ന എങ്കിൽ ഇരുപത്തഞ്ചുറുപ്പിക ഫൈൻ കെട്ടണമെന്നാണ് പറയുന്നതു്; അതു് വലിയ കഷ്ടമല്ലെ?

റാവുസാഹിബ് എ. മാധവപ്രഭു: അതിനെപ്പറ്റി അന്വേഷിക്കാം.

DEPLORABLE CONDITION OF THE TRICHUR MUNICIPAL ROAD

144. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിന്നു ദയവുണ്ടാകുമോ;

(എ) തൃശ്ശിവപേരൂർ മുനിസിപ്പൽ റോഡിന്റെ ശോചനീയാവസ്ഥ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഗതാഗതസൌകര്യങ്ങളുടെ അഭാവം നിമിത്തം ദിനചര്യം അനുനിമിഷം യാത്രചെയ്യുന്ന എത്ര യാത്രക്കാർക്കും വണ്ടികൾക്കുമാണു അപകടങ്ങൾ പറ്റിക്കൊണ്ടിരിക്കുന്നതെന്നുള്ള സത്യാവസ്ഥ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പത്രപംക്തികൾ മുഖേന അറിയുന്നതിനു് ഇടവന്നിട്ടുണ്ടൊ;

(സി) ഉണ്ടെങ്കിൽ എന്തുനിവൃത്തിയാണു് അതിനു ചെയ്തിട്ടുള്ളതു്;

(ഡി) റോഡുപണിക്കു വല്ലവക്കും കരാറു കൊടുത്തിട്ടുണ്ടൊ;

(ഇ) കൊടുത്തിട്ടുണ്ടെങ്കിൽ ആർക്കെല്ലാമാണു്;

(എഫ്) എന്നാണു്;

(ജി) എന്തെല്ലാം നിബന്ധനകളോടുകൂടിയാണു്?

റാവുസാഹിബ് കെ. അയ്യപ്പൻ:

(എ) ഉണ്ടു്.

(ബി) യാത്രക്കാർക്കും വണ്ടികൾക്കും അപകടങ്ങൾ പറ്റിക്കൊണ്ടിരിക്കുന്നതായി റിപ്പോർട്ടുകൾ ഒന്നും മുനിസിപ്പാലിറ്റിക്കും ഗവൺമെണ്ടിനും കിട്ടിയിട്ടില്ല. എന്നാൽ റോഡിന്റെ ശോചനീയാവസ്ഥയെ സംബന്ധിച്ചു് പത്രപംക്തികളിൽ എഴുതി കണ്ടിട്ടുണ്ടു്.

(സി) റോഡുകൾക്കു് അത്യാവശ്യം വേണ്ട അറ്റകുറ്റങ്ങൾ തീർക്കുന്നതിനു ധനത്തിയിൽ വേണ്ട ഏർപ്പാടു ചെയ്തുവരുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly